# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2259 — 20.06.2012-ൽ മറുപടിക്ക്

## എൻ.ആർ.എച്ച്.എം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം എൻ.ആർ.എച്ച്.എം പദ്ധതിയിൻ കീഴിൽ വിവിധ തസ്തികകളിലുള്ള കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ആരാണെന്ന് പറയാമോ ; പ്രസ്തുത ജീവനക്കാരുടെ ശമ്പളം ആരാണ്, ഏതു ഫണ്ടിൽ നിന്നാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) | ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം എൻ.ആർ.എച്ച്.എം പദ്ധതിയിൻ കീഴിൽ വിവിധ തസ്തികകളിലുള്ള കരാർ ജീവനക്കാരെ നിയമിക്കുന്നത് സ്റ്റേറ്റ് മിഷൻ ഡയറക്ടറും, ജില്ലാ പ്രോഗ്രാം മാനേജരുമാണ്. പ്രസ്തുത ജീവനക്കാരുടെ ശമ്പളം എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നാണ് നൽകുന്നത്. |
| (ബി) | എൻ.ആർ.എച്ച്.എം ഡയറക്ടറുടെ നിർദ്ദേശപ്രകാരം നിയമിച്ചിട്ടുള്ള താല്കാലിക ജീവനക്കാർക്കുള്ള വേതനം ചേർത്തല താലൂക്ക്ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിൽ നിന്നാണ് നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എച്ച്.എം.സി.ക്ക് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന ഈ സംഭവം മൂലം ആശുപത്രിയുടെ പല വികസന പ്രവർത്തനങ്ങളും നടക്കാതെ വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. ചേർത്തല താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആർ.എസ്.ബി.വൈ പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ താൽക്കാലിക ജീവനക്കാരുടെ വേതനം ബഹു.ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ 15.06.2010-ലെ സർക്കുലർ (നം.26094/M2/2010/H&FWD, dt: 15.06.2010) പ്രകാരം 16.06.2010 മുതൽ ആർ.എസ്.ബി.വൈ ഫണ്ടിൽ നിന്നാണ് നൽകുന്നത്. ഈ പദ്ധതിയിനത്തിൽ ആവശ്യത്തിന് ഫണ്ട് ലഭ്യമാണ് എന്നതിനാൽ വികസനപ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നില്ല. |
| (സി) | മറ്റ് പല ജില്ലകളിലും എൻ.ആർ.എച്ച്.എം താല്കാലിക ജീവനക്കാർക്ക്എൻ.ആർ.എച്ച്.എം ഫണ്ടിൽ നിന്നും വേതനം നൽകുന്നതുപോലെ ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും എൻ.ആർ.എച്ച്.എം ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നം.26094/M2/ 2010/H&FWD, dt: 15.06.2010 സർക്കുലർ പ്രകാരം ആർ.എസ്.ബി.വൈ പദ്ധതി നടപ്പിലാക്കുന്ന എല്ലാ ആശുപത്രികളിലും ആർ.എസ്.ബി.വൈ ഫണ്ടിൽ നിന്നാണ് വേതനം നൽകുന്നത്. |

സെക്ഷൻ ഓഫീസർ